പത്രക്കുറിപ്പ്
27-5-2017

**പേനാക്കത്തി മുതൽ ബുൾക്കാൻ ചപ്പാത്തി മേക്കർ വരെ**

# കുടുംബശ്രീ ഉൽപന്ന പ്രദർശന വിപണന മേളയിൽ വീട്ടമ്മമാരുടെ തിരക്ക്

ആലപ്പുഴ; പേനാക്കത്തി മുതൽ ബുൾക്കാൻ ചപ്പാത്തി മേക്കർ വരെ ലഭ്യമാകുന്ന കുടുംബശ്രീ ഉൽപന്ന പ്രദർശന വിപണന മേളയിൽ വീട്ടമ്മമാരുടെ തിരക്കേറുന്നു. കോട്ടയം ജില്ലയിലെ സാഫല്യം യൂണിറ്റ്, കൊല്ലം ജില്ലയിലെ ശിവകീർത്തന, പാലക്കാട് ജില്ലയിൽ പറളി പഞ്ചായത്തിലെ അർച്ചന എന്നീ കുടുംബശ്രീ യൂണിറ്റുകളാണ് വിവിധയിനം കറിക്കത്തികൾ കൂടാതെ ആലയിൽ ഉണ്ടാക്കിയ വിവിധ സാമഗ്രികളുമായി എത്തിയിട്ടുള്ളത്.

പേനാക്കത്തി, പാക്ക് കത്തി മുതൽ വലിയ മീനും ഇറച്ചിയും മുറിക്കുന്ന കത്തികൾ വരെ മേളയിൽ ലഭ്യമാണ്. ആലയിൽ പണിതെടുക്കുന്ന ഇരുപത്തഞ്ചിലധികം നാടൻ കറിക്കത്തികളാണ് മേളയിൽ എത്തിയിയിട്ടുള്ളത്. ഇവയ്ക്ക് 50 മുതൽ 150 രൂപ വരെയാണ് വില. കൂടാതെ കടുകു വറുക്കുന്ന ചെറിയ ഇരുമ്പു ചട്ടി മുതൽ വിവിധ വലിപ്പത്തിലുള്ള ഫ്രൈയിങ്ങ് പാനുകൾ,പപ്പടംകുത്തി, ദോശക്കല്ലിൽ എണ്ണ തേയ്ക്കാനുള്ള ബ്രഷ് എന്നിവയും മേളയിൽ ലഭിക്കും. 120 രൂപ മുതൽ വിലയുള്ള ബുൾക്കാൻ ചപ്പാത്തി മേക്കറും മേളയിൽ വാങ്ങാം. ഗ്യാസ് അടുപ്പിനു മുകളിൽ ഈ ചപ്പാത്തി മേക്കർ വച്ച് എണ്ണ കൂടാതെ ചപ്പാത്തി ചുട്ടെടുക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത. മസാലദോശക്കല്ലും ലഭ്യമാണ്. ഇതിന് 400 മുതൽ 500 രൂപ വരെയാണ് വില. കൂടാതെ പൂന്തോട്ടത്തിൽ ഉപയോഗിക്കുന്ന പുല്ലുവെട്ടി, ചെറിയ തൂമ്പ, ചെറിയ കോടാലി, കത്തിക്കു മൂർച്ച കൂട്ടാൻ ഉപയോഗിക്കുന്ന അരം മുതൽ വലിയ വെട്ടരിവാൾ വരെയും കുടുംബശ്രീ സ്റ്റാളിൽ ലഭിക്കും.

മേളയ്ക്കെത്തിയിട്ടുള്ള യൂണിറ്റ് അംഗങ്ങളായ രാജി,മിനി എന്നിവർ പരമ്പരാഗതമായി ഇരുമ്പു പണി ചെയ്യുന്നവരാണ്. കുടുംബശ്രീ, ഐ.ആർ.ഡി.പി വിപണന മേളകളിൽ ഇവർ സ്ഥിരമയി പങ്കെടുക്കാറുണ്ട്. കഴിഞ്ഞ ഓണത്തിന് കൊല്ലം ആശ്രാമം മൈതാനത്തു സംഘടിപ്പിച്ച സരസ് ഉൽപന്ന പ്രദർശന വിപണന മേളയിലും ഇഴറഅഞ്ഞ പങ്കെടുത്ത് ഉൽപന്നങ്ങൾ വിറ്റഴിച്ചിരുന്നു.